DA1/198

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തി വികസനം - മട്ടന്നൂർ നിയോജക മണ്ഡലം - ഉളിക്കൽ - കാഞ്ഞിലേരി - കണിയാർ വയൽ റോഡിന്റെ റീ ടാറിങ്ങ് - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം.3176 /2017/തസ്വഭവ തിരുവനന്തപുരം, തീയതി, 28.09.2017

വായന: (1) 12/04/16-ലെ സർക്കുലർ നം.33/2016/ധന

(2) 02.12.15-ലെ സ.ഉ.(സാധാ.)നം 3606/2015/തസ്വഭവ

(3) തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23.01.17-ലെ ഡി.ബി.5-3360 /2014/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കത്ത്

(4) 22.04.17-ലെ സ.ഉ.(സാധാ.)നം 1285/2017/തസ്വഭവ

(5) തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.07.17-ലെ ഡി.ബി.5-3360 /2014/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കത്ത്

## ഉത്തരവ്

മുകളിൽ രണ്ടാമതായി വായിച്ച ഉത്തരവ് പ്രകാരം മട്ടന്നൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ഇ.പി.ജയരാജൻ എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും ഉളിക്കൽ - കാഞ്ഞിലേരി - കണിയാർ വയൽ റോഡ് റീടാറിംഗ് (ch 6/850 മുതൽ 8/500 വരെ ) എന്ന പ്രവർത്തിക്ക് 25,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ച് പുരോഗമിച്ചു വരികയാണെന്നും ടി റോഡിന്റെ ch 6/000 മുതൽ ch 7/250 വരെയുള്ള ഭാഗം വീതികൂട്ടി റീടാറിംഗ് നടത്താൻ അനുമതി നൽകണമെന്നും മുകളിൽ മൂന്നാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി. ഉളിക്കൽ - കാഞ്ഞിലേരി - കണിയാർ വയൽ റോഡ് റീടാറിംഗ് (ch 6/850 മുതൽ 8/500 വരെ ) എന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നതിനാൽ ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകി പുറപ്പെടുവിച്ച രണ്ടാമതായി വായിച്ച ഉത്തരവ് മുകളിൽ നാലാമതായി വായിച്ച ഉത്തരവ് പ്രകാരം റദ്ദാക്കുകയുണ്ടായി. മുകളിൽ നാലാമതായി വായിച്ച ഉത്തരവ് പ്രകാരം റദ്ദ് ചെയ്ത പ്രവൃത്തിയുടെ തുക ഉപയോഗിച്ച് ഉളിക്കൽ - കാഞ്ഞിലേരി - കണിയാർ വയൽ റോഡിന്റെ ch 6/000 മുതൽ ch 7/250 വരെയുള്ള ഭാഗം വീതി കൂട്ടി റീ ടാറിങ്ങ് ചെയ്യുന്ന

പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് ബഹു.മട്ടന്നൂർ എം.എൽ.എ. ആവശ്യപ്പെട്ടിട്ടുള്ളതായി മുകളിൽ അഞ്ചാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മട്ടന്നൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.ഇ.പി.ജയരാജൻ എം.എൽ.എ-യുടെ 2015-16 –ലെ ആസ്തിവികസന ഫണ്ട് പ്രകാരം ഉളിക്കൽ - കാഞ്ഞിലേരി - കണിയാർ വയൽ റോഡിന്റെ ch 6/000 മുതൽ ch 7/250 വരെയുള്ള ഭാഗം വീതി കൂട്ടി റീ ടാറിങ്ങ് ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി ആകെ അടങ്കൽ തുകയായ 25,00,000/- രൂപയ്ക്ക് മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ് എന്ന നിബന്ധനയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) ആയതു സംബന്ധിച്ച ചെലവ് '4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ.എ.സി- എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ.ഇ.പി.ജയരാജൻ എം.എൽ.എ.( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, കണ്ണൂർ
സെക്രട്ടറി, ഉളിക്കൽ ഗ്രാമ പഞ്ചായത്ത്
സെക്രട്ടറി, പടിയൂർ ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ് , തിരുവനന്തപുരം
ധനകാര്യ (നോഡൽസെന്റർ-സി) വകുപ്പ് (ഫയൽ നം. 967/ NC-C3/2016/Fin തീയതി 31.08.2017)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ